കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/132/2025-SEC തീയതി: **15-12-2025**

**<u>സർക്കുലർ</u>**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ് 2025 - ഡിസംബർ 09, 11 തീയതികളിൽ നടന്ന പൊതു തിരഞ്ഞെടുപ്പിനെ തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ/കൗൺസിലർമാരുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 04.12.2025 തീയതിയിലെ സ.ഉ.(സാധാ) നം.2913/2025/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2) 04.12.2025 തീയതിയിലെ സ.ഉ.(സാധാ) നം.2914/2025/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

3) 10.12.2025 തീയതിയിലെ ഇ.എം3/258/2025/ തസ്വഭവ നമ്പർ സർക്കുലർ.

സംസ്ഥാനത്തെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് **2025 ഡിസംബർ 09, 11** തീയതികളിൽ നടന്ന പൊതു തിരഞ്ഞെടുപ്പിന് ശേഷം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 143-ാം വകുപ്പ് പ്രകാരവും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 152-ാം വകുപ്പ് പ്രകാരവും കൗൺസിലിന്റെ/പഞ്ചായത്തിന്റെ ആദ്യയോഗം വിളിച്ചുകൂട്ടുന്നതിനായി കൗൺസിലറായി/പഞ്ചായത്ത് അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കുന്നതിനായുള്ള ഉദ്യോഗസ്ഥനെ സൂചന 1, 2 പ്രകാരം നാമനിർദ്ദേശം ചെയ്ത് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലേയും, മുനിസിപ്പൽ കോർപ്പറേഷനുകളിലെയും ഗ്രാമ പഞ്ചായത്തുകളിലെയും, ബ്ലോക്ക് പഞ്ചായത്തുകളിലെയും, ജില്ലാ പഞ്ചായത്തുകളിലെയും പൊതുതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലും ഫലപ്രഖ്യാപനവും കഴിഞ്ഞതിന് ശേഷം, പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ സൂചന 3 പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അവ സംബന്ധിച്ച വിശദ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭരണസമിതിയുടെ 5 വർഷ കാലാവധി **2025 ഡിസംബർ 20 ന്** അവസാനിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും കൗൺസിലർമാരും **2025 ഡിസംബർ 21-ാം** തീയതി സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ എടുത്ത് അധികാരമേൽക്കേണ്ടതാണ്.
2. **ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിലുകൾ**

**എന്നിവയെ സംബന്ധിച്ച് 2025 ഡിസംബർ 21 ന് രാവിലെ 10.00 മണിക്കും മുനിസിപ്പൽ കോർപ്പറേഷനുകളുടെ സംഗതിയിൽ അന്നേ ദിവസം പകൽ 11.30 മണിക്കുമാണ് സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ നടത്തേണ്ടത്.**

3. ഭരണസമിതിയുടെ 5 വർഷ കാലാവധി 20.12.2025 ന് പൂർത്തിയാകാത്ത **<u>അനുബന്ധം (1)</u>** പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അവയ്ക്ക് നേരെ ചേർത്തിട്ടുള്ള തീയതികളിൽ സർക്കാർ നിശ്ചയിച്ച സമയത്ത് (രാവിലെ 10.00 മണി) അംഗങ്ങൾ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ എടുത്ത് അധികാരമേൽക്കേണ്ടതാണ്.
4. പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ (മുതിർന്ന) അംഗത്തെവേണം ആദ്യമായി സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കേണ്ടത്. ഇതിനായി ചുമതലപ്പെട്ട വരണാധികാരികളും കളക്ടർമാരും അവിടങ്ങളിൽ മുതിർന്ന അംഗത്തെ മാത്രം പ്രതിജ്ഞ ചെയ്യിച്ചാൽ മതിയാകുന്നതാണ്.
5. സംസ്ഥാനത്തെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ പ്രായം കൂടിയ (മുതിർന്ന) അംഗത്തെ ആദ്യം സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യിക്കേണ്ടത് അതത് പഞ്ചായത്തുകളിലെ വരണാധികാരികളാണ്. മുനിസിപ്പൽ കൗൺസിലുകളുടെ കാര്യത്തിൽ **<u>അനുബന്ധം (2)</u>** പ്രകാരം നിയോഗിച്ചിട്ടുള്ള വരണാധികാരികൾ വേണം ഈ കർത്തവ്യം നിർവ്വഹിക്കേണ്ടത്.
6. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് അതത് ജില്ലാ കളക്ടർമാരാണ് പ്രായം കൂടിയ (മുതിർന്ന) അംഗത്തെ ആദ്യം സത്യപ്രതിജ്ഞയോ/ദൃഢപ്രതിജ്ഞയോ ചെയ്യിക്കേണ്ടത്.
7. അതിനെ തുടർന്ന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും മറ്റ് എല്ലാ അംഗങ്ങളേയും നിയോജകമണ്ഡല/വാർഡ് നമ്പരുകളുടെ ക്രമപ്രകാരം അവിടെ ആദ്യം സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്ത പ്രായം കൂടിയ (മുതിർന്ന) അംഗം സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യിക്കേണ്ടതാണ്. ഈ കാര്യത്തിന് സർക്കാർ നാമനിർദ്ദേശം ചെയ്ത വരണാധികാരിയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.
8. ഇപ്രകാരം അന്നേ ദിവസം പ്രായം കൂടിയ (മുതിർന്ന) അംഗത്തിൻമുമ്പാകെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യാൻ ഏതെങ്കിലും അംഗത്തിന്/കൗൺസിലറിന് സാധിക്കാതെ വന്നാൽ അവർ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യക്ഷൻമാർ മുമ്പാകെ വേണം സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യേണ്ടത്. മേൽ പ്രകാരം പ്രതിജ്ഞ ചെയ്തിട്ടില്ലാത്തവർക്ക് ഏതെങ്കിലും യോഗനടപടികളിൽ പങ്കുകൊള്ളുന്നതിനോ യോഗങ്ങളിൽ വോട്ട് ചെയ്യുന്നതിനോ അവകാശമുണ്ടായിരിക്കുന്നതല്ല.
9. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഏറ്റവും

പ്രായം കൂടിയ (മുതിർന്ന) അംഗത്തെ/ കൗൺസിലറെ മേൽപ്പറഞ്ഞ പ്രകാരം നാമനിർദ്ദേശം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻ കണ്ടെത്തേണ്ടതും ആ അംഗത്തോട്/കൗൺസിലറോട് മേൽ ഖണ്ഡിക 1, 2, 3 ൽ നിർദ്ദേശിച്ചിട്ടുള്ള തീയതിയിലും സമയത്തും പ്രതിജ്ഞ എടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹാജരാകുവാൻ രേഖാമൂലം നിർദ്ദേശിക്കേണ്ടതുമാണ്.

10. മേൽപ്പറഞ്ഞ പ്രതിജ്ഞാ ചടങ്ങുകൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അതത് ജില്ലകളിലെ തദ്ദേശ സ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർമാരും, ബ്ലോക്ക് പഞ്ചായത്തുകളിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരും, മുനിസിപ്പൽ കൗൺസിലുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും അതത് മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതും ജില്ലാ ജോയിന്റ് ഡയറക്ടർ അതിനുള്ള മേൽനോട്ടം വഹിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തുകളിൽ ജില്ലാ കളക്ടർമാർ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

11. ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിജ്ഞയെടുക്കൽ ചടങ്ങുകൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന്റെ പൊതു മേൽനോട്ടം അതത് ജില്ലാ കളക്ടർമാർക്കായിരിക്കും.

12. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയും തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും നിശ്ചയിച്ചിട്ടുള്ള തീയതിയിലും സമയത്തും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിജ്ഞ എടുക്കൽ ചടങ്ങിന് സംബന്ധിക്കണമെന്നാവശ്യപ്പെട്ട് ചുമതലപ്പെട്ട വരണാധികാരികൾ അവർക്ക് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.

13. ഗ്രാമ, ബ്ലോക്ക്, ജില്ല എന്നീ ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ രണ്ടാം പട്ടികയിലെ ഫാറത്തിലും, മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ മൂന്നാം പട്ടികയിലെ ഫാറത്തിലും വേണം പുതിയതായി തിരഞ്ഞെടുക്കപ്പെട്ട കൗൺസിലർ/അംഗങ്ങൾ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് ഒപ്പിട്ട് കൊടുക്കേണ്ടത്. ഫാറത്തിന്റെ മാതൃക **<u>അനുബന്ധം (3), (4)</u>** ആയി ചേർത്തിട്ടുണ്ട്.

14. സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ എടുത്തതിനുശേഷം അംഗങ്ങൾ സത്യപ്രതിജ്ഞാ രജിസ്റ്ററിലും, കക്ഷിബന്ധ രജിസ്റ്ററിലും (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കൽ ചട്ടങ്ങളിലെ ഫാറം 1) ഒപ്പ് വയ്ക്കേണ്ടതും അത് ബന്ധപ്പെട്ട വരണാധികാരികൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതും രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഭദ്രമായി സൂക്ഷിക്കേണ്ടതുമാണ്. അതിനുള്ള വിശദ മാർഗ്ഗനിർദ്ദേശം പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്.

15. പ്രതിജ്ഞാ ചടങ്ങ് കഴിഞ്ഞാലുടൻ പ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റെടുത്ത എല്ലാ അംഗങ്ങളുടേയും ആദ്യ യോഗം **ആദ്യം പ്രതിജ്ഞ ചെയ്ത മുതിർന്ന അംഗത്തിന്റെ അധ്യക്ഷതയിൽ** ചേരേണ്ടതാണ്. പ്രസ്തുത യോഗത്തിൽ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ, വൈസ് പ്രസിഡന്റ്/ ഡെപ്യൂട്ടി ചെയർപേഴ്സൺ/ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള

തിരഞ്ഞെടുപ്പ് സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അറിയിപ്പ് (തിരഞ്ഞെടുപ്പ് നോട്ടീസ്) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി വായിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് നോട്ടീസ് **അനുബന്ധം (5), (6)** ആയി ചേർത്തിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷൻ മേയർ, മുനിസിപ്പൽ കൗൺസിൽ ചെയർമാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **2025 ഡിസംബർ മാസം 26-ാം (വെള്ളി) തീയതി രാവിലെ 10.30 മണിക്കും** ഡെപ്യൂട്ടി മേയർ, വൈസ് ചെയർമാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **അന്നേദിവസം ഉച്ചയ്ക്ക് ശേഷം 02.30 മണിക്കും** നടത്തുന്നതിനും, ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **2025 ഡിസംബർ മാസം 27-ാം (ശനി) തീയതി രാവിലെ 10.30 മണിക്കും** വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 02.30 മണിക്കും** നടത്തുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യയോഗം ചേർന്നതിന്റെ മിനിട്ട്സ് സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. അതോടൊപ്പം, മേൽപരാമർശിച്ച അദ്ധ്യക്ഷ/ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പ് നടത്തുന്നതിനായി ചുമതലപ്പെട്ട വരണാധികാരി കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയും സമയവും കാണിച്ച് ആ യോഗത്തിൽ വച്ച് തന്നെ അംഗങ്ങൾക്ക് നിശ്ചിത മാതൃകയിൽ നോട്ടീസ് നൽകി അക്നോളജ്മെന്റ് കൈപ്പറ്റേണ്ടതാണ്.

16. തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള തീയതിയിലും സമയത്തും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് അതത് പഞ്ചായത്തുകളുടെ വരണാധികാരികൾ നടത്തേണ്ടതാണ്. മുനിസിപ്പൽ ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ തിരഞ്ഞെടുപ്പ് 28.10.2025-ലെ 50/2025/സം.തി.ക നമ്പർ വിജ്ഞാപന പ്രകാരം നാമനിർദ്ദേശം ചെയ്തിട്ടുള്ള വരണാധികാരികളും മുനിസിപ്പൽ കോർപ്പറേഷൻ മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പ് അതത് ജില്ലാ കളക്ടർമാരും നടത്തേണ്ടതാണ്. അതിന്റെ റിപ്പോർട്ട് തിരഞ്ഞെടുപ്പ് കമ്മീഷനും സർക്കാരിനും ബന്ധപ്പെട്ട വരണാധികാരികൾ നൽകേണ്ടതാണ്.
17. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്റെയും, ഉപാദ്ധ്യക്ഷന്റെയും സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും മോണിറ്റർ ചെയ്യേണ്ടതും കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

Signed by
Prakash B S
Date: 15-12-2025 16:08:44

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും

എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തിരം)

പകർപ്പ്:-

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ഉപവരണാധികാരികൾക്കും

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

എല്ലാ ജില്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)

കമ്മീഷണറുടെ പി.എസ്

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

സ്റ്റാന്റിംഗ് കൗൺസിൽ

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

ഐ.ടി സെൽ

## അനുബന്ധം – 1

ഭരണ സമിതിയുടെ കാലാവധി 2025 ഡിസംബർ 20 ന് പൂർത്തിയാകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ജില്ല | തിരഞ്ഞെടുപ്പ് അംഗങ്ങൾ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി |
|---|---|---|---|
| 1 | വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 22/12/2025 |
| 2 | ചോക്കാട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 26/12/2025 |
| 3 | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 16/01/2026 |
| 4 | മംഗലം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2026 |
| 5 | വെട്ടം ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2026 |
| 6 | തിരുനാവായ ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2026 |
| 7 | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | മലപ്പുറം | 01/02/2026 |
| 8 | തിരൂർ ബ്ലോക്ക് പഞ്ചായത്ത് | മലപ്പുറം | 01/02/2026 |

അനുബന്ധം – 2

## Returning Officers - Municipal Councils

| Sl.No | M.No | Name of Municipality | Returning Officer |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | M01 | Neyyattinkara | Assistant Director, Re-Survey, Neyyattinkara, Thiruvananthapuram |
| 2 | M02 | Nedumangadu | Revenue Divisional Officer, Nedumangadu, Valicode Koppam, Thiruvananthapuram |
| 3 | M03 | Attingal | General Manager, District Industries Centre, Vellayambalam, Thiruvananthapuram |
| 4 | M04 | Varkala | Deputy Collector (RR), Collectorate, Civil Station, Thiruvananthapuram |
| 5 | M 05 | Paravur | District Soil Conservation Officer, Kollam |
| 6 | M 06 | Punalur | Divisional Forest Officer, Timbersales Division, Punalur |
| 7 | M 07 | Karunagapally | Joint Director of Co-operative Audit, Kollam |
| 8 | M 08 | Adoor | District Planning Officer, Pathanamthitta |
| 9 | M 09 | Pathanamthitta | District Soil Conservation Officer Pathanamthitta |
| 10 | M 10 | Thiruvalla | Deputy Director of Education, Thiruvalla |
| 11 | M 11 | Kayamkulam | District Employment Officer, Civil Station Annexe, Thathampally, Alappuzha |
| 12 | M 12 | Mavelikkara | General Manager, District Industries Centre, Alappuzha |
| 13 | M 13 | Chengannur | Revenue Divisional Officer, Chengannur |
| 14 | M 14 | Alappuzha | Revenue Divisional Officer, Alappuzha |
| 15 | M15 | Cherthala | Executive Engineer, PWD Roads, Alappuzha |
| 16 | M 16 | Changanacherry | Deputy Director, Economics & Statistics, Kottayam, DPC Building, Collectorate |
| 17 | M 17 | Kottayam | General Manager, District Industries Centre, Kottayam |
| 18 | M 18 | Vaikom | District Soil Conservation Officer, District Panchayath Building, Kottayam |
| 19 | M 19 | Pala | District Educational Officer, Pala |
| 20 | M 20 | Thodupuzha | Sub Collector/ Revenue Divisional Officer, Idukki. |
| 21 | M 21 | Trippunithura | Executive Engineer, PWD Roads Division Ernakulam |
| 22 | M 22 | Muvattupuzha | District Educational Officer, Muvattupuzha |
| 23 | M 23 | Kothamangalam | District Educational officer, Civil station, Kothamangalam. |

| | | | |
|---|---|---|---|
| 24 | M 24 | Perumbavoor | Deputy Director of Education, Civil Station, Kakkanad, Ernakulam |
| 25 | M 25 | Aluva | District Educational Officer, Aluva |
| 26 | M 26 | Kalamassery | Deputy Director, Economics and Statistics, District Office, Ernakulam |
| 27 | M 27 | North Paravur | District Supply Officer, Civil Station, Kakkanad, Ernakulam |
| 28 | M 28 | Angamaly | Deputy Director, Dairy Development Department, Civil Station, Ernakulam |
| 29 | M 29 | Eloor | Deputy Controller, Legal Metrology, Ernakulam |
| 30 | M 30 | Thrikkakkara | Deputy Collector (LA), Civil Station, Kakkanad, Ernakulam |
| 31 | M 31 | Maradu | District Development Officer, Scheduled Cast Development, Ernakulam |
| 32 | M 32 | Chalakkudy | Divisional Forest Officer, Chalakudy |
| 33 | M 33 | Irinjalakkuda | Deputy Labour Commissioner, Udaya Nagar, Chembukavu, Thrissur |
| 34 | M 34 | Kodungallur | Joint Director, Kerala State Audit Department, District Audit Office, Thrissur |
| 35 | M 35 | Chavakkad | General Manager, District Industries Centre, Thrissur |
| 36 | M 36 | Guruvayoor | Joint Registrar, Co-Operative (Audit), Thrissur |
| 37 | M 37 | Kunnamkulam | District Soil Conservation Officer, Thrissur |
| 38 | M 38 | Shornur | District Education Officer, Ottapalam |
| 39 | M 39 | Ottappalam | Sub Collector, Ottapalam |
| 40 | M 40 | Palakkad | Deputy Director of Economics & Statistics, Palakkad |
| 41 | M 41 | Chittur-Thathamangalam | Deputy Director of Education, Civil Station, Palakkad |
| 42 | M 42 | Ponnani | District Educational Officer, Tirur |
| 43 | M 43 | Tirur | District Officer, Ground Water Department Malappuram |
| 44 | M 44 | Perinthalmanna | General Manager, District Industries Centre, Civil Station, Malappuram. |
| 45 | M 45 | Malappuram | District Development Officer for Scheduled Caste, Malappuram |
| 46 | M 46 | Manjeri | Deputy Director of Education, Malappuram |
| 47 | M 47 | Kottakkal | Deputy Collector (LR), Collectorate, Malappuram |
| 48 | M 48 | Nilambur | District Planning Officer, Malappuram |
| 49 | M 49 | Koyilandy | District Soil Conservation Officer, District Soil Conservation Office, Civil Station, Kozhikode. |
| 50 | M 50 | Vatakara | Divisional Forest Officer, Timber Sales Division, Arakkinar.P.O, Kozhikode |

| | | | |
|---|---|---|---|
| 51 | M 51 | Kalpetta | Joint Registrar of Co-Operative Society, Kainatty, Kalpetta |
| 52 | M 53 | Taliparamba | District Officer, Ground Water Department, Kannur |
| 53 | M 54 | Kuthuparamba | Assistant Registrar of Co- Operative Society (General) Kuthuparamba |
| 54 | M 55 | Thalassery | Executive Engineer, Pazhashi Irrigation Project Division Kannur - 2 |
| 55 | M 56 | Payyanur | Deputy Director, Economics & Statistics, Civil Station, Kannur |
| 56 | M 58 | Kanhangad | Project Director, Poverty Alleviation Unit Kasaragod |
| 57 | M 59 | Kasaragod | Assistant Director, District Industries Centre, Kasaragod |
| 58 | M 60 | Nileshwar | Deputy Director of Agriculture (YP), Kasaragod |
| 59 | M 61 | Pandalam | District Scheduled Caste Development Officer, Pathanamthitta |
| 60 | M 62 | Harippad | Deputy Director of Dairy Development, Alappuzha |
| 61 | M 63 | Ettumanoor | District Planning Officer, Kottayam |
| 62 | M 64 | Erattupetta | Project Officer, ITDP Project Office, Mini Civil Station, Kanjirappally |
| 63 | M 65 | Kattappana | Special Deputy Collector, L A Munnar, Collectorate Idukki. |
| 64 | M 66 | Piravom | Executive Engineer Irrigation Division, Ernakulam |
| 65 | M 67 | Koothattukulam | Executive Engineer, PWD Buildings Division, Ernakulam, Edappally |
| 66 | M 68 | Wadakkanchery | District Registrar (General), Thrissur |
| 67 | M 69 | Pattambi | General Manager, District Industries Centre, Palakkad |
| 68 | M 70 | Cherppulassery | District Town Planner, LSGD (Planning), Civil Station, Palakkad |
| 69 | M 71 | Mannarkkad | District Development Officer for Scheduled Cast, Civil Station, Palakkad |
| 70 | M 72 | Tanur | Revenue Divisional Officer, Mini Civil Station, Tirur |
| 71 | M 73 | Parappanangadi | District Town Planner, Malappuram |
| 72 | M 74 | Valanchery | Deputy Director of Agriculture (E&T), Malappuram |
| 73 | M 75 | Tirurangadi | District Educational Officer, Tirurangadi |
| 74 | M 76 | Payyoli | Manager (RET), District Industries Centre Vellayil, Kozhikode |
| 75 | M 77 | Ramanattukara | Executive Engineer, Harbour Engineering, Puthiyappa, Kozhikode |
| 76 | M 78 | Koduvally | Manager (Credit), District Industries Centre, Vellayil, Kozhikode |

| | | | |
|---|---|---|---|
| 77 | M 79 | Mukkom | District Planning Officer, D. P. O,<br>Civil Station, Kozhikode |
| 78 | M 80 | Feroke | District Officer, Women & Children Development Office, Civil Station, Kozhikode |
| 79 | M 81 | Mananthavady | Executive Engineer, BSP Division, Padinjarathara |
| 80 | M 82 | Sulthan Bathery | Executive Engineer, Minor Irrigation, Sulthan Bathery |
| 81 | M 83 | Iritty | District Employment Officer, Kannur |
| 82 | M 84 | Panoor | Deputy Director of Fisheries, Kannur |
| 83 | M 85 | Sreekandapuram | District Educational Officer, Taliparamba |
| 84 | M 86 | Andoor | District Soil Conservation Officer, Kannur |
| 85 | M 87 | Kottarakara | Principal, Extension Training Centre, Kottarakkara |
| 86 | M 88 | Kondotty | District Registrar (General), B2 Block, Civil Station, Malappuram |

**അനുബന്ധം 3**

**ഫാറം 1**

[3 (3) എന്ന ചട്ടം നോക്കുക]

..........................................................................................................*ടൗൺ പഞ്ചായത്തിലെ/മുനിസിപ്പൽ കൗൺസിലിലെ / മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാരുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ രജിസ്റ്റർ.

| കൗൺസിലറുടെ പേര് | തിരഞ്ഞെടുക്കപ്പെട്ട കൗൺസിലറുടെ കാര്യത്തിൽ വാർഡിന്റെ പേരും നമ്പരും | തപാൽ മേൽവിലാസം | പ്രതിജ്ഞയെടുക്കുന്ന സ്ഥലം, തീയതി, സമയം എന്നിവ |
|---|---|---|---|
| (1) | (2) | (3) | (4) |

**സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ**

............................................................*ടൗൺ പഞ്ചായത്തിലെ/മുനിസിപ്പൽ കൗൺസിലിലെ/ മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ട / നാമനിർദ്ദേശം ചെയ്യപ്പെട്ട ......................................................................................... എന്ന ഞാൻ നിയമാനുസരണം നടപ്പാക്കിയ ഇന്ത്യൻ ഭരണഘടനയോട് യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും, ഭയാശങ്കയോ, മമതയോ, വാത്സല്യമോ, വിദ്വേഷമോ കൂടാതെ ഞാൻ എന്റെ ഔദ്യോഗിക കർത്തവ്യങ്ങൾ യഥാവിധിയായും വിശ്വസ്തതയോടും എന്റെ പരമാവധി കഴിവും അറിവും വിവേചന ശക്തിയും ഉപയോഗിച്ചുകൊണ്ടും നിർവ്വഹിക്കുമെന്ന് ഈശ്വരനാമത്തിൽ സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ ചെയ്യുന്നു.

കൗൺസിലറുടെ ഒപ്പ്

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ/ചെയർപേഴ്സന്റെ പേരും ഒപ്പും.

*ബാധകമല്ലാത്തത് വെട്ടിക്കളയുക

**അനുബന്ധം 4**

**ഫാറം 1**
[3 (3) എന്ന ചട്ടം നോക്കുക]

……………………………………………………………………… *ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിലെ അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ രജിസ്റ്റർ.

| അംഗത്തിന്റെ പേര് | നിയോജകമണ്ഡലത്തിന്റെ പേരും നമ്പരും | തപാൽ മേൽവിലാസം | പ്രതിജ്ഞയെടുക്കുന്ന സ്ഥലം, തീയതി, സമയം എന്നിവ |
|---|---|---|---|
| (1) | (2) | (3) | (4) |
| | | | |

**സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ**

………………………………………………………………………………………… *ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ട ……………………………………………………………………………… എന്ന ഞാൻ നിയമാനുസരണം നടപ്പാക്കിയ ഇന്ത്യൻ ഭരണഘടനയോട് #[യഥാർത്ഥമായ വിശ്വാസവും കൂറും പുലർത്തുമെന്നും ഇന്ത്യയുടെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും], ഭയാശങ്ക കൂടാതെയും മമതയോ വിദ്വേഷമോ കൂടാതെയും ഞാൻ എന്റെ ഔദ്യോഗിക കൃത്യങ്ങൾ യഥാവിധിയായും വിശ്വസ്തതയോടും എന്റെ പരമാവധി കഴിവ് പ്രയോജനപ്പെടുത്തിയും നിർവ്വഹിക്കുമെന്ന് *ഈശ്വരനാമത്തിൽ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നു.

അംഗത്തിന്റെ ഒപ്പ്

*അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ/അംഗത്തിന്റെ/പ്രസിഡന്റിന്റെ പേരും ഒപ്പും.

## അനുബന്ധം 5

1995-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 4 (4) ചട്ട പ്രകാരം നൽകുന്ന ചെയർപേഴ്സൺ/ഡെപ്യൂട്ടി ചെയർപേഴ്സൺ തിരഞ്ഞെടുപ്പ് നോട്ടീസ്.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 12 (1) വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് **2025 ഡിസംബർ മാസം 26-ാം (വെള്ളി) തീയതി** ................................ *നഗരസഭ ചെയർമാൻ/വൈസ് ചെയർമാൻ/.......................... മുനിസിപ്പൽ കോർപ്പറേഷൻ *മേയർ/ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് യോഗം ചേരുവാനുള്ള തീയതിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു.

*അതിനാൽ ..................................................... നഗരസഭ ചെയർപേഴ്സൺ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **2025 ഡിസംബർ മാസം 26-ാം (വെള്ളി) തീയതി രാവിലെ 10.30** മണിക്കും ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **അന്നേ ദിവസം ഉച്ചയ്ക്കുശേഷം 02.30 മണിക്കും** ........................... ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

*അതിനാൽ .........................................മുനിസിപ്പൽ കോർപ്പറേഷൻ മേയർ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **2025 ഡിസംബർ മാസം 26-ാം (വെള്ളി) തീയതി രാവിലെ 10.30 മണിക്കും** ഡെപ്യൂട്ടി മേയർ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **അന്നേദിവസം ഉച്ചയ്ക്ക് ശേഷം 02.30 മണിക്കും** ........................... ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

മേൽപ്പറഞ്ഞ തീയതിയിൽ കൂടുന്ന യോഗം ക്വാറം തികയാത്തതിനാലോ ആകസ്മിക അവധിയായി സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ പ്രഖ്യാപിക്കുകയാണെങ്കിലോ, മനുഷ്യ നിയന്ത്രണത്തിനതീതമായ കാരണത്താൽ അന്നു നടത്തുവാൻ കഴിയാതെ വരികെയാണെങ്കിലോ, പ്രസ്തുത യോഗം തൊട്ടടുത്ത ദിവസം അതേ സ്ഥലത്തും അതേ സമയത്തും വച്ച് കൂടുന്നതായിരിക്കും.

സ്ഥലം: വരണാധികാരി

തീയതി: മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ

---

*ബാധകമല്ലാത്തത് വെട്ടിക്കളയുക

**അനുബന്ധം 6**

1995-ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങളിലെ 5 (3) ചട്ടപ്രകാരം നൽകുന്ന പ്രസിഡന്റ് / വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നോട്ടീസ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 153-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് **2025 ഡിസംബർ മാസം 27-ാം (ശനി)** തീയതി ..............................................................* ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / വൈസ് പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് യോഗം ചേരുവാനുള്ള തീയതിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു.

അതിനാൽ...............................................*ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **2025 ഡിസംബർ മാസം 27-ാം (ശനി) തീയതി രാവിലെ 10.30 മണിക്കും** വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് **അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 02.30 മണിക്കും** ............................................ ആഫീസിൽ വച്ച് നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

മേൽപ്പറഞ്ഞ തീയതിയിൽ കൂടുന്ന യോഗം ക്വാറം തികയാത്തതിനാലോ ആകസ്മിക അവധിയായി സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ പ്രഖ്യാപിക്കുകയാണെങ്കിലോ, മനുഷ്യ നിയന്ത്രണത്തിനതീതമായ കാരണത്താൽ അന്നു നടത്തുവാൻ കഴിയാതെ വരികെയാണെങ്കിലോ, പ്രസ്തുത യോഗം തൊട്ടടുത്ത ദിവസം അതേ സ്ഥലത്തും അതേ സമയത്തും വച്ച് കൂടുന്നതായിരിക്കും.

സ്ഥലം: വരണാധികാരി

തീയതി: ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്

---

*ബാധകമല്ലാത്തത് വെട്ടിക്കളയുക